LIBRARY ARCHIVES Kerala Legislative Assembly

**ഇരിട്ടി കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ ആരംഭിക്കാൻ നടപടി**

**251 (7814)** ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇരിട്ടി കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കീഴൂർ വില്ലേജിൽ പഴശ്ശി ഇറിഗേഷന്റെ കൈവശമുള്ള 1.44 ഹെക്ടർ ഭൂമി കെ.എസ്.ആർ.ടി.സി.-ക്ക് സൗജന്യമായി കൈമാറി കിട്ടുന്നതിന് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം തലശ്ശേരി തഹസീൽദാർക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ നാളിതുവരെ സ്ഥലം കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറി ലഭിച്ചിട്ടില്ല.

(ബി) ഡിപ്പോയ്ക്ക് ആവശ്യമായ സ്ഥലം സൗജന്യമായി കൈമാറി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഒരുക്കിതന്നാൽമാത്രമേ ഡിപ്പോയുടെ പ്രവർത്തനം സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**നാട്ടിക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ്**

**252 (7815)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന ഏതെല്ലാം കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളാണ് റദ്ദാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(സി) റദ്ദാക്കിയ ബസ്സ് സർവ്വീസുകൾ പുനഃരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊടുങ്ങല്ലൂർ ഡിപ്പോയിലെ 06:00 മണി മുനക്കൽ ബീച്ചിന്റെ സ്നേഹതീരം ട്രിപ്പ്, ഇരിങ്ങാലക്കുട ഡിപ്പോയുടെ 06:40 ഗുരുവായൂർ, ചാലക്കുടി ഡിപ്പോയുടെ 06:20 പെരിഞ്ഞനം, ഗുരുവായൂർ ഡിപ്പോയുടെ

10:00 മണി എറണാകുളം, 10:10 എറണാകുളം, 06:30 വാഴാനി ഡാം, പൊന്നാനി ഡിപ്പോയുടെ 05:35 എറണാകുളം ജെട്ടി, 12:20 എറണാകുളം ജെട്ടി എന്നീ ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദാക്കിയിട്ടുണ്ട്.

(ബി) കൊടുങ്ങല്ലൂരിൽനിന്നും 13 ഷെഡ്യൂളും ഇരിങ്ങാലക്കുടയിൽ നിന്നും 10-ഉം മാളയിൽനിന്നും 2-ഉം നിലമ്പൂരിൽ നിന്നും 2-ഉം മലപ്പുറത്ത് നിന്നും 2-ഉം മണ്ണാർക്കാട് നിന്നും 1-ഉം ചിറ്റൂർ നിന്നും 2-ഉം പൊന്നാനിയിൽ നിന്നും 6-ഉം തൃശ്ശൂരിൽ നിന്നും 11-ഉം ഗുരുവായൂരിൽനിന്നും 28-ഉം അടക്കം 77 സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

(സി) ബസ്സ് ലഭ്യമാക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

**വയലിടയിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസിന്റെ സമയമാറ്റം**

**253 (7816)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വയലിടയിലേക്ക് ദീർഘകാലമായി നടത്തിവരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ ജൂൺ 28 മുതൽ നടപ്പിലാക്കിയ മാറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മേഖലയിലെ ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിക്കുന്ന ഷെഡ്യൂൾ മാറ്റം റദ്ദാക്കുന്നതിനും പഴയ സമയക്രമം പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ വയലിടയിൽ അവസാനിപ്പിക്കുന്ന റൂട്ട് മണിച്ചേരിവരെ നീട്ടുകയാണെങ്കിൽ ദിവസവരുമാനത്തിൽ കാര്യമായ നേട്ടമുണ്ടാവുമെന്നത് പരിഗണിച്ച് ആയത് നടപ്പിലാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരുമാനം വളരെ കുറവായതിനാൽ പഴയസ്ഥിതി പുനഃസ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ നടപ്പിൽ വരുത്തിയ പുനഃക്രമീകരണം ഗുണകരമാകുമോയെന്ന് വിലയിരുത്തിയതിനുശേഷംമാത്രമെ ടി ഷെഡ്യൂളിൽമാറ്റം വരുത്തുവാൻ കഴിയുകയുള്ളൂ.

**മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

**254 (7817)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ് :

LIBRARY ARCHIVES Kerala Legislative Assembly